ഉത്തരം

(എ) മഴക്കാലത്തിന് മുൻപ് ഓടകൾ വൃത്തിയാക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു.

(ബി) ഓടകൾ വൃത്തിയാക്കുന്ന ജോലികൾ തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചിറയിൻകീഴ് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ

288 (7259) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ പൊതുമരാമത്തു വകുപ്പിൽനിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിന് 12 പ്രവൃത്തികൾക്കും ദേശീയപാത വിഭാഗത്തിന് 33 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും അനുബന്ധം 1 *ഉം 2 *ഉം ആയി ചേർത്തിരിക്കുന്നു. പ്രസ്തുത വർഷങ്ങളിൽ കെട്ടിട വിഭാഗത്തിൻകീഴിൽ ഭരണാനുമതിനൽകിയ പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

(ബി) നിരത്ത് വിഭാഗത്തിന് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളിൽ 11 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പാലക്കുന്ന്-വലിയവെ ഹരിജൻ കോളനി റോഡിന്റെ നവീകരണത്തിനുള്ള ഇൻഷ്യൽ ലെവൽസ് തയ്യാറാക്കി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന് കീഴിലുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

കായംകുളം മണ്ഡലത്തിലെ വാർഷിക അറ്റകുറ്റപ്പണികളിലെ പ്രവൃത്തികൾ

289 (7260) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വാർഷിക അറ്റകുറ്റ പണികളിൽ ഉൾപ്പെടുത്തി 2011-12, 2012-13, 2013-14 സാമ്പത്തികവർഷം ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും, ഓരോ പ്രവൃത്തിക്കും എത്ര രൂപവീതം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly